II ഇ.ബി. XIകേരള നിയമസഭ/IV15

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 8, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

109 (*351) റവന്യൂ വകുപ്പിലെ അഴിമതികളും ക്രമക്കേടുകളും സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനുള്ള സംവിധാനങ്ങൾ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി) നൽകിയ മറുപടിയിൽ, റവന്യൂ വകുപ്പിനെതിരെ ഉന്നയിക്കപ്പെടുന്ന അഴിമതികളും ക്രമക്കേടുകളും സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളിൽ ഏറ്റവും പ്രധാനമായത് മാസംതോറും ജില്ലാ കളക്ടറേറ്റുകളിൽ ചേരുന്ന അഴിമതി വിരുദ്ധ ജനകീയ സമിതിയുടെ പ്രവർത്തന പരിപാടിയാണെന്ന് സഭയെ അറിയിച്ചു. ജില്ലാ കളക്ടറേറ്റുകളിൽ ഇതിനായി പരാതിപ്പെട്ടികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആക്ഷേപമുള്ളവർക്ക് തങ്ങളുടെ പരാതികൾ പ്രസ്തുത പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്. മാസംതോറും ആദ്യ പ്രവൃത്തി ദിവസം ജനകീയ കമ്മിറ്റിയുടെ യോഗത്തിൽവച്ച് പ്രസ്തുത പെട്ടികൾ തുറക്കുന്നതും നിക്ഷേപിക്കപ്പെട്ട പരാതികൾ ഓരോന്നായി പരിശോധിക്കുകയും വ്യക്തമായ അഴിമതി കാണപ്പെടുന്ന പരാതികളിൽ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ജില്ലാ കളക്ടറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ തങ്ങളിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനുയോജ്യമായ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതുമാണ്. ഉപരിതലത്തിൽ തീരുമാനമെടുക്കേണ്ട കേസുകളിൽ യുക്തമായ ശുപാർശയോടുകൂടി ജില്ലാ കളക്ടർ സർക്കാരിലേക്ക് അയയ്ക്കും. അന്നുതന്നെ തീരുമാനമെടുക്കാൻ കഴിയാത്തതും കുടുതൽ തെളിവുകൾ ആവശ്യമായതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് ജനകീയ കമ്മിറ്റി യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഉദ്യോഗസ്ഥരുടെ പക്കൽ ലഭിച്ച 958 പൊതുപരാതികളിൽ 430 എണ്ണത്തിൽ തീർപ്പു കല്പിച്ചു. തുടർനടപടികൾ

വിവിധഘട്ടത്തിലും വിവിധ തലങ്ങളിലുമായി തുടർന്നുവരുന്നു. ഓരോ താലൂക്കിലും റവന്യൂ വകുപ്പിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഊർജിതപ്പെടുത്തുന്നതിനും ഒരു ഡെപ്യൂട്ടി കളക്ടറെ ചാർജ് ആഫീസറായി നിയോഗിച്ചിട്ടുണ്ട്. എല്ലാ മാസവും താലൂക്കുതലത്തിലും ഓരോ വിഷയത്തിനും പ്രത്യേകം പ്രത്യേകം കോൺഫറൻസുകൾ നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ദേവികുളം താലൂക്കിൽ വ്യാജപട്ടയം നൽകിയതായുള്ള റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന് അവിടെ നടന്ന മുഴുവൻ പട്ടയ വിതരണങ്ങളെക്കുറിച്ചും വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് വന്നശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. അവിടത്തെ ജില്ലാ കളക്ടറെ മാറ്റിയിട്ടുമുണ്ട്. സർക്കാർ ഭൂമി കമ്പോള വിലയ്ക്ക് മാത്രമേ സ്വകാര്യ വ്യക്തികൾക്ക് പതിച്ചു കൊടുക്കാൻ പാടുള്ളൂ എന്ന നയത്തിനു വ്യത്യസ്തമായി ചില പ്രത്യേക കേസുകളിൽ ഇളവുകൾ കൊടുക്കുന്നതിന് ഗവൺമെന്റിന് അധികാരമുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള നികതി കുടിശ്ശികയിൽ 50% കെട്ടിവച്ച റസീപ്ടുകൂടി അപേക്ഷയോടൊപ്പം വച്ചാൽ തവണ അനുവദിക്കുന്നതാണ്. നിലവിലുള്ള മാനദണ്ഡം തെറ്റിച്ചുകൊണ്ട് പത്തു ലക്ഷം രൂപയ്ക്കു മുകളിൽ വാല്യൂ ഉള്ള ഭൂമിക്ക് സോൾവൻസി സർട്ടിഫിക്കറ്റു കൊടുത്ത 62 ഉദ്യോഗസ്ഥരെ സസ്പെൻഡു ചെയ്തു. ഇതിൽ നിരപരാധികളായ ഉദ്യോഗസ്ഥരുടെ കാര്യത്തിൽ റവന്യൂ സെക്രട്ടറിയും കമ്മീഷണറും അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. വരുമാന സർട്ടിഫിക്കറ്റ്, കൈവശ സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ് ഇവ അപേക്ഷ കിട്ടി 7 ദിവസത്തി നകവും ജാതി സർട്ടിഫിക്കറ്റ് 3 ദിവസത്തിനകവും നൽകണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജനകീയ കമ്മിറ്റികൾ റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരികയാണ്. മതികെട്ടാൻ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുന്നതിനായി നിയോഗിച്ച ചന്ദ്രശേഖരൻ നായർ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

110 (*352) <u>സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഓബ്ളിഗേറ്ററി ഫംഗ്ഷൻ</u>

റവന്യൂവും നിയമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഭവന നിർമ്മാണ പരിഷ്കരണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും സംഘടിതവും ആസൂത്രിതവുമായ നേതൃത്വം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 1971-ലെ 19-ാം ആക്ടു പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ വന്നതെന്നും ഈ ആക്ട് വിഭാവനം ചെയ്തിട്ടുള്ള ഭവന നിർമ്മാണ - ഭവന വായ്പാ പദ്ധതികളും ഇതര പൊതു പരീക്ഷണ പദ്ധതികളും നടപ്പിലാക്കുവാൻ ബോർഡ് ബാദ്ധ്യതപ്പെട്ടിരിക്കുന്നുവെന്നും സഭയെ അറിയിച്ചു. ഹഡ്കോയിൽനിന്നും മൈത്രീ ഭവന നിർമ്മാണ പദ്ധതിയിലേക്ക് മാത്രമായി 712 കോടി രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ ബോർഡ് വായ്പയെടുക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് 3.76 ലക്ഷം വീടുകളാണ് പൂർത്തിയാക്കേണ്ടിയിരുന്നത്. എന്നാൽ 2.3 ലക്ഷംവീടുകൾക്ക് മാത്രമേ വായ്പ

അനുവദിച്ചിട്ടുള്ളൂ. അതിന് 437 കോടി രൂപ മാത്രമേ ചെലവാക്കിയുള്ളൂ. ബാക്കി 275 കോടി രൂപ വകമാറ്റി ചെലവഴിച്ചു. മൈത്രീ ഭവന നിർമ്മാണ (നിക്ഷേപ) പദ്ധതിപ്രകാരം പഞ്ചായത്തുകളിൽനിന്നും ഗുണഭോക്താക്കളുടെ തിരിച്ചടവിനായി ലഭിച്ച 217 കോടി രൂപ ബാങ്കിൽ നിക്ഷേപിക്കാതെ വകമാറ്റി ചെലവഴിച്ചു. അങ്ങനെ ആകെ 492 കോടി രൂപ വക മാറ്റി ചെലവഴിച്ചതാണ് ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കാൻ കാരണം. ഇങ്ങനെ തുക വകമാറ്റി ചെലവഴിച്ചതു സംബന്ധിച്ച് വിജിലൻസ് എൻക്വയറിയും ഡിപ്പാർട്ടുമെൻറൽ എൻക്വയറിയും നടന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ തിരിച്ചറിയുകയും അവ പരിഹരിക്കുന്നതിന് ജീവനക്കാരുടെകൂടി സഹകരണത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു:

മൈത്രീ ഭവന പദ്ധതിയിലും മറ്റ് വായ്പാ പദ്ധതികളിലുമായി ഇനി പൂർത്തീകരിക്കാനുള്ള 40774 വീടുകൾക്ക് വായ്പ നൽകുന്നതിന് 55 കോടി രൂപ സീറോ കൂപ്പൺ ബോണ്ട് മുഖേന സമാഹരിക്കുന്നതിനും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വീടുകളുടെ പണി ഒരു വർഷത്തിനകം പൂർത്തീകരിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഹഡ്കോയുമായി നിലവിലുള്ള തിരിച്ചടവ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡീഫാൾട്ട് റസല്യൂഷൻ പാക്കേജ് അംഗീകരിക്കുകയും 63.15 കോടി രൂപ തിരിച്ചടവ് നടത്തുകയും ചെയ്തു. കൂടാതെ ഹഡ്കോയിൽ നിലവിലുള്ള വായ്പ സെപ്റ്റംബർ 2002 മുതൽ തിരിച്ചടയ്ക്കുവാൻ തക്കവണ്ണം റീഷെഡ്യൂൾ ചെയ്തിട്ടുണ്ട്.

ഹഡ്കോയിൽ നിന്ന് ഉയർന്ന പലിശയ്ക്ക് എടുത്തിരുന്ന 303 കോടി രൂപ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതുപ്രകാരം എക്സ്പ്പോസർ ലിമിറ്റിൽ കുറവു വരുത്തുന്നതിനാൽ 300 കോടിരൂപ പുതിയ ഭവന പദ്ധതികൾക്ക് സമാഹരിക്കുവാൻ സാധിക്കും. ഇതുവഴി ഏകദേശം 58 കോടി രൂപയുടെ പലിശച്ചെലവ് ലാഭിക്കുന്നതിനും കഴിയുന്നതാണ്.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിൽ ഭവന നിർമ്മാണ ബോർഡ് എടുത്ത വായ്പകൾ ബാങ്കുകളുടെ ധനസഹായത്തോടെ തിരിച്ചടവ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതുപ്രകാരം എച്ച്.ഡി.എഫ്.സി.യിൽ നിന്നും ഉയർന്ന പലിശ നിരക്കിൽ ബോർഡ് വാങ്ങിയ വായ്പ (15% മുതൽ 17%) തുക ഇപ്പോൾ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും 13% നിരക്കിൽ 8.65 കോടി രൂപ വാങ്ങി ക്ലോസ് ചെയ്തു. ഇതുമൂലം 3 കോടി രൂപ ബോർഡിന് ലാഭമുണ്ടായി.

ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ അത്യാവശ്യമായ വികസന ജോലികൾ ചെയ്തതിനുശേഷം വീടുവയ്ക്കുന്നതിനുള്ള ചെറിയ പ്ലോട്ടുകളായി തിരിച്ച് ആവശ്യക്കാർക്ക് നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചു. ഇതുപ്രകാരം ഇപ്പോൾ വിവിധ പദ്ധതികളിലായി 210 പ്ലോട്ടുകൾ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദരിദ്ര ജനവിഭാഗങ്ങൾക്ക് വീടും സ്ഥലവും കൂടി വാങ്ങുന്നതിനായി 50,000 രൂപ വായ്പ കൊടുക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ലാന്റ് അക്വിസിഷൻ നടപടികൾ വഴി ഭൂമി എടുക്കുമ്പോൾ അലോട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഹൗസിംഗ് ബോർഡ് നിർമ്മിച്ച വീടുകൾ റീസണബിൾ റേറ്റിന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോതമംഗലം എന്നീ റവന്യൂ ടവറുകളിലേയ്ക്ക് ഓഫീസുകൾ മാറ്റുന്നതിനുള്ള നടപടി ഈ മാസം പൂർത്തിയാകുകയും അടുത്ത മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നണ്. തൊടുപുഴ റവന്യൂ ടവറിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഭവന നിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായിരുന്നു. കടബാദ്ധ്യതയും വകമാറ്റി നടത്തിയ ചെലവുകളുമാണ് ഇതിന് പ്രധാനമായ കാരണങ്ങൾ. സർക്കാർ ഹഡ്കോയുമായി ചർച്ച നടത്തി വായ്പാ തിരിച്ചടവിന് മോറട്ടോറിയം ലഭ്യമാക്കുകയും വായ്പാ തിരിച്ചടവ് പുനഃക്രമീകരിക്കുകയും ചെയ്തു. ഇത് താല്ക്കാലികമാണെങ്കിലും ഒരു പരിധിവരെ ഭവന നിർമ്മാണ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് അയവുവരുത്തിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ ഹയർ പർച്ചേസ്/വായ്പ റിക്കവറിയിൽ സ്ഥായിയായ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞു. ബോർഡിന്റെ ഭരണച്ചെലവുകളും മറ്റും കർശനമായി നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഹഡ്കോയുമായി ചർച്ചകൾ നടത്തി വായ്പ നൽകുന്നത് പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് കമ്പ്യൂട്ടറൈസേഷൻ വിപുലപ്പെടുത്തിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടികൾ നടപ്പിലാക്കി വരികയാണ്.

111 (*353) <u>അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) നൽകിയ മറുപടിയിൽ, കേരള വിദ്യാഭ്യാസ നിയമത്തിലെ 9-ാം അദ്ധ്യായം ചട്ടം-13 ലെ വ്യവസ്ഥയനുസരിച്ച് സ്കൂൾ അദ്ധ്യാപകർക്ക് ദിവസവും നാലു വിദ്യാർത്ഥികൾക്ക് രണ്ടു മണിക്കൂറിൽ കവിയാത്ത സമയം ട്യൂഷനെടുക്കാമെന്ന് സഭയെ അറിയിച്ചു. ഇതിനുവേണ്ടി അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ അധികാരിയിൽനിന്നും അനുമതി വാങ്ങിയിരിക്കണം. ഈ വ്യവസ്ഥ ദുരുപയോഗപ്പെടുത്തുന്നതിനാൽ അതു പിൻവലിക്കുന്നകാര്യം ആലോചിക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള റെമഡിയൽ കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനത്തിൽ അദ്ധ്യാപകരും പ്രധാന അദ്ധ്യാപകരും ശ്രദ്ധിക്കുന്നുണ്ട്. ഇതിന് സഹായധനമായി കുറച്ചു തുക അനുവദിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച യു.ജി.സി. പദ്ധതിയുടെ ഭാഗമായ പ്രൊഫഷണൽ കോഡ് ഓഫ് എത്തിക്സിൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ സംബന്ധിച്ചുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോളേജ് അദ്ധ്യാപകർ സ്വകാര്യ ട്യൂഷനെടുക്കുന്നതായുള്ള പരാതിയിൻമേൽ വിജിലൻസ് അന്വേഷണം നടത്താനും നിയമമുണ്ട്. താഴ്ന്ന നിലവാരത്തിലുള്ള കുട്ടികളെ ഉയർത്തിക്കൊണ്ടുവരാൻ സ്പെഷ്യൽ ക്ലാസും എക്സ്ട്രാ ക്ലാസും എടുക്കാൻ അദ്ധ്യാപകരും തയ്യാറാകണം. യു.ജി.സി. നിർദ്ദേശിച്ച ട്യൂട്ടോറിയൽ സിസ്റ്റം കോളേജുകളിൽ നടപ്പിലാക്കാൻ

ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി വിളിച്ചുകൂട്ടി നിർദ്ദേശം കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സ്വകാര്യ ട്യൂഷൻ നിരോധിക്കുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ക്ലാസുകൾ നടത്താനും പാഠ്യഭാഗങ്ങൾ പഠിപ്പിച്ചു തീർക്കാനും വിജയവീഥി പോലുള്ള സംവിധാനങ്ങൾ എല്ലാ ജില്ലയിലും നടപ്പാക്കാനും ഏർപ്പാടു ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവാക്കുന്ന പണത്തിനുസരിച്ച് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി..

112 (*354) <u>കോളേജുകളെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിക്കാനുള്ള മാനദണ്ഡം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2500–ൽപ്പരം വിദ്യാർത്ഥികളും പത്തിൽപ്പരം ബിരുദാനന്തര ബിരുദ ക്ലാസുകളുമുള്ള കോളേജുകളെ മികവിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാരാണ് സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിക്കുന്നതെന്ന് സഭയെ അറിയിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ബ്രണ്ണൻ കോളേജ് (തലശ്ശേരി), സംസ്കൃത കോളേജ് (പട്ടാമ്പി), യൂണിവേഴ്സിറ്റി കോളേജ് (തിരുവനന്തപുരം), മഹാരാജാസ് കോളേജ് (എറണാകുളം), വിക്ടോറിയാ കോളേജ്(പാലക്കാട്), സർക്കാർ വനിതാ കോളേജ് (തിരുവനന്തപുരം), ഗവൺമെന്റ് കോളേജ്(ചിറ്റൂർ) എന്നീ ആർട്സ് ആന്റ് സയൻസ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുണ്ട്. സെൻർ ഓഫ് എക്സലൻസായി പ്രഖ്യാപിക്കുന്ന കോളേജുകൾക്ക് യു.ജി.സി. ധനസഹായവും കോളേജ് ഡെവലപ്മെന്റ് കൗൺസിൽ വിദ്യാർത്ഥികളിൽനിന്നും പിരിച്ചെടുക്കുന്ന തുകയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റും കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യവും നൽകാൻ വ്യവസ്ഥയുണ്ട്. പ്രീ–ഡിഗ്രി ഡിറ്റാച്ച് ചെയ്യുന്നതോടെ കുട്ടികളുടെ എണ്ണം കുറഞ്ഞാലും ക്വാളിറ്റി ഓഫ് സ്റ്റാന്റേർഡ് നിലനിർത്തിയാൽ കോളേജുകളുടെ ഈ പദവി നഷ്ടപ്പെടുകയില്ല. യു.ജി.സി.യുടെ സ്കീമനുസരിച്ച് വിമലാ കോളേജ് (തൃശൂർ), ഫറൂക്ക് കോളേജ് (കോഴിക്കോട്), സെന്റ് തെരേസാസ് കോളേജ് (എറണാകുളം) എന്നിവയ്ക്ക് സ്റ്റാർ പദവി ലഭിച്ചിട്ടുണ്ട്. കൂടാതെ എൻജിനീയറിംഗ് കോളേജ് (തിരുവനന്തപുരം), എൻ.എസ്.എസ്. എൻജിനീയറിംഗ് കോളേജ്(പാലക്കാട്), എൻജിനീയറിംഗ് കോളേജ് (തൃശൂർ) എന്നിവയ്ക്കും സ്റ്റാർ പദവി കിട്ടിയിട്ടുണ്ട്. അതാതു കാലത്ത് നടത്തുന്ന ഇവാല്യുവേഷന്റെ ഭാഗമായി ''നാക് '' ആണ് സ്റ്റാർ പദവി കൊടുക്കുന്നത് .

113 (* 355) <u>എക്സ്പ്രസ് ഹൈവേ</u>

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേയെ സംബന്ധിച്ച

സാദ്ധ്യതാ പഠനം നടന്നുവരുകയാണെന്ന് സഭയെ അറിയിച്ചു. നീളം, കയറ്റം, ഇറക്കം, വളവ് എന്നിവ ഏറ്റവും കുറഞ്ഞതും ഏറ്റവും കുറഞ്ഞ നീളത്തിൽ പാലങ്ങൾ ആവശ്യമായതും കഴിയുന്നത്ര ജനവാസം കുറഞ്ഞ സ്ഥലങ്ങളിലൂടെ പോകുന്നതും ഏറ്റവും കുറഞ്ഞ ചെലവിൽ നിർമ്മാണം സാധിക്കുന്നതും പരിസ്ഥിതിപരമായി ഏറ്റവും അനുയോജ്യവുമായ ഒരു അലൈൻമെന്റ് കണ്ടുപിടിക്കുന്നതിനാണ് ശ്രമിക്കുന്നത്. പുതിയൊരു എക്സ്പ്രസ് വേ വേണമോ നാഷണൽ ഹൈവേ അടക്കം നിലവിലുള്ള റോഡുകൾ ഉപയോഗപ്പെടുത്തി മറ്റൊരു അലൈൻമെന്റ് വേണമോ എന്നതിനെക്കുറിച്ചുള്ള വിഷൻ ഡോക്കുമെന്റ് തയ്യാറാക്കുന്നതിനുവേണ്ടി പഠിച്ചുകൊണ്ടിരിക്കുന്ന ലീ അസോസിയേറ്റ്സിന്റെ റിപ്പോർട്ട് ലഭിച്ചാലേ എക്സ്പ്രസ് ഹൈവേയെക്കുച്ചുള്ള തീരുമാനങ്ങളെടുക്കുകയുള്ളൂവെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

114 (*360) <u>അൺഎയിഡഡ് പ്ലസ് ടു ബാച്ചുകൾ തുടങ്ങുന്നതിന് നടപടി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എയിഡഡ് സ്ക്കൂളുകളിൽ അൺഎയിഡഡ് പ്ലസ് ടു അംഗീകരിക്കില്ലെന്ന സ്വകാര്യ സ്ക്കൂൾ മാനേജുമെന്റുകളുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു. അൺഎയിഡഡ് പ്ലസ് ടു ബാച്ചുകൾ ഇപ്പോൾ സ്ഥിരം സംവിധാനം എന്ന നിലയിലാണ് എയിഡഡ് സ്ക്കൂളുകളിൽ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

115 (*363) <u>റോഡുകളുടെ അറ്റകുറ്റപ്പണികൾ</u>

മരാമത്തുവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ മുൻഗണനാ ക്രമത്തിൽ ചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം) ചെയർമാനും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സീനിയർ ഫൈനാൻസ് ഓഫീസർ എന്നിവർ മെമ്പർമാരായും ഒരു സംസ്ഥാനതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് ഡിവിഷൻ) ചെയർമാനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മെമ്പർമാരുമായുള്ള ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സുകളും എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല ടാസ്ക് ഫോഴ്സ് രണ്ടാഴ്ചയിൽ ഒരിക്കൽ യോഗം കൂടി റിപ്പയർ ജോലികളുടെ മുൻഗണനാ ലിസ്റ്റ് അംഗീകരിക്കണമെന്നും അവയുടെ പുരോഗതി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ ജില്ലാതല ടാസ്ക് ഫോഴ്സിന് നൽകണമെന്നും ജില്ലാതല ടാസ്ക് ഫോഴ്സുകൾ ആഴ്ചതോറും കൂടി റിപ്പയർ ജോലികളുടെ പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

116 (*370) <u>വികസനത്തിൽ പ്രവാസി പങ്കാളിത്തം ഉണ്ടാക്കുന്നതിന് നടപടി</u>

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിന്റെ വികസനത്തിൽ പ്രവാസി പങ്കാളിത്തം ഉണ്ടാക്കുന്നതിനായി 2001 ആഗസ്റ്റിൽ സമവായം – 2001 എന്ന ആഗോള വിദേശ മലയാളികളുടെ ഒരു സമ്മേളനം കൊച്ചിയിലും ഡിസംബറിൽ വിദേശത്തുനിന്നും മടങ്ങിയെത്തിയ മലയാളികൾക്കായി സമാഗമം 2001 എന്ന സമ്മേളനം തിരുവനന്തപുരത്തും നടത്തിയതും കൂടാതെ 2002 നവംബർ മാസത്തിൽ കേരള സർക്കാർ ഒരു ആഗോള നിക്ഷേപ സംഗമം തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നുണ്ടെന്നും അറിയിച്ചു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 50,000 കോടി രൂപയുടെ വ്യവസായ നിക്ഷേപം സമാഹരിക്കുന്നതിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള വൻ നിക്ഷേപകരെ കൊണ്ട് വിപുലമായ തോതിൽ നിക്ഷേപം നടത്തിക്കുകയും അതുവഴി കേരളത്തിന്റെ സമഗ്ര വ്യവസായ സാമ്പത്തിക സാമൂഹിക പുരോഗതി കൈവരിക്കുകയുമാണ് ഈ മേളയുടെ അന്തിമലക്ഷ്യം.

117 (* 371) റോഡുകളുടെ അപ്ഗ്രഡേഷനും മെയിന്റനൻസും

മരാമത്തുവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ റോഡു ഗതാഗതം മെച്ചപ്പെടുത്തുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ റോഡുകളുടെ അപ്ഗ്രഡേഷനും മെയിന്റനൻസും 1600 കിലോമീറ്റർ റോഡിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചു. നബാർഡിന്റെ സഹായത്തോടെ കൂടുതൽ റോഡുകളുടെയും പാലങ്ങളുടെയും പണികൾ ഏറ്റെടുത്തു നടത്തുന്നതിനും പരിപാടിയുണ്ട്. റോഡ് നിർമ്മാണത്തിന് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ സാദ്ധ്യമാക്കുന്നതിന് ഒരു റോഡ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഇതിനായി ഒരു സ്റ്റാൻഡേർഡ് കൺസഷൻ എഗ്രിമെന്റിന് രൂപം കൊടുത്ത് വരികയാണ്.

118 (*375) റോഡ് വികസന പദ്ധതികൾ

മരാമത്തുവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, റോഡു വികസനത്തിനായി 2001–2002–ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച 50 പദ്ധതികളിൽ 23 എണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

130 (2165) മുൻ ജന്മിമാർക്കുള്ള ആനുകൂല്യങ്ങൾ

ഭൂപരിഷ്ക്കരണ നടപടിയുടെ ഫലമായി ജീവിക്കാൻ മാർഗ്ഗമില്ലാതായി തീർന്ന മുൻ ജന്മിമാരെ സഹായിക്കുന്നതിന് ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർഷിക വരുമാനം 12,000 രൂപയിൽ കവിയാത്തവരും 50 സെന്റിലധികം ഭൂമി കൈവശമില്ലാത്തവരും ഭൂ പരിഷ്ക്കരണംമൂലം ഒരേക്കർ ഭൂമിയെങ്കിലും നഷ്ടമായവരും 60 വയസ്സ് പൂർത്തിയായവരും മറ്റ് പെൻഷനുകൾ ഒന്നും ലഭിക്കാത്തവരും താലൂക്കിൽ സ്ഥിര താമസക്കാരുമായ

അപേക്ഷകർക്കാണ് ഈ പെൻഷന് അർഹതയുള്ളത്. പ്രതിമാസം 300 രൂപയാണ് പെൻഷനായി ലഭിക്കുന്നത്.

131 (2167) റിവർ മാനേജ്മെന്റ് ഫണ്ട്

ഗവൺമെന്റ് നിയന്ത്രണത്തിലുള്ള പുഴകളിൽ നിന്നും മണൽ വാരിയ വകയിൽ റിവർ മാനേജ്മെന്റ് ഫണ്ടായി പഞ്ചായത്തുകളിൽ നിന്നും കിട്ടിയ 16,38,90,252 രൂപയിൽ 40,76,986 രൂപ പത്തനംതിട്ടയിലും 39,635 രൂപ എറണാകുളത്തും 4,47,173 രൂപ തൃശൂരും 12,23,038 രൂപ പാലക്കാട്ടും നദീസംരക്ഷണത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

132 (2179) റവന്യൂ റിക്കവറി ഇനത്തിൽ പിരിച്ചെടുത്ത തുക

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2001 ജൂൺ മുതൽ 2002 മാർച്ച് വരെ) സർക്കാർ കുടിശ്ശികയും സർക്കാർ ഇതര കുടിശ്ശികയും ഉൾപ്പെടെ 10199.26 ലക്ഷം രൂപ റവന്യൂ റിക്കവറി ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

133 (2195) സംസ്ഥാനത്തെ നോട്ടറിമാർ

സംസ്ഥാനത്ത് (1.7.2002–ലെ കണക്കനുസരിച്ച് ) 862 നോട്ടറിമാർ ഉണ്ട്.

134 (2198) മൈത്രീ ഭവന നിർമ്മാണ പദ്ധതി

ഭവന നിർമ്മാണ ബോർഡിൽ നിന്നും മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം 1.4.2001 മുതൽ 30.6.2001 വരെ 3884 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

135 (2210) റബ്ബറൈസ്ഡ് ബിറ്റുമിൻ

കൊച്ചിൻ റിഫൈനറിയിൽ റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഉൽപ്പാദനം പ്രതിവർഷം 65,000 ടണ്ണായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന പാതകളിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ കഴിയുന്നത്ര ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

136 (2213) പി. ഡബ്ല്യൂ.ഡി. റോഡുകൾ

സംസ്ഥാനത്ത് ആകെ 21581.903 കിലോമീറ്റർ പി. ഡബ്ല്യൂ.ഡി. റോഡുകളും സ്റ്റേറ്റ് ഹൈവേ വിഭാഗത്തിൽ 3927.628 കിലോമീറ്ററും പ്രധാന ജില്ലാതല മേജർ റോഡ് വിഭാഗത്തിൽ 11475.778 കിലോമീറ്റർ റോഡുമാണുള്ളത്.